**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**20 July 2018**

**(06 Dhul Qaddah 1439 AH)**

# “RECALL DEATH”.

# മരണത്തെ ഓർക്കുക

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **മരണത്തെ ഓർക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭി ക്കുകയുണ്ടായി.

നമ്മുടെ എല്ലാവരുടെയും കാര്യത്തെകുറിച്ച് ചിന്തിച്ചാൽ നമുക്ക് ബോധ്യമാകുന്ന ഒരു കാര്യമാണ്, അതായത് നമ്മുടെ ഭൂമിയിലെ വാസം, യാത്ര പരിമിതകാലത്തേക്കു മാത്രമുള്ളതാണെന്ന്! അടുത്ത സമയത്തോ അഥവാ അല്പം കഴിഞ്ഞ സമയത്തോ, നാമെല്ലാവരും നമ്മുടെ സൃഷ്ടാ വിന്റെ അടുത്തേക്ക് മടങ്ങിപോകുന്നവരാണ്, എന്നിട്ട് നാമെല്ലാവരും അവന്റെ തിരുമുൻപിൽ ഹാജരാക്കപ്പെടുന്നതാണ്. അല്ലാഹുവിനെ അങ്ങേഅറ്റം ഭയപ്പെടുന്നവർക്ക്, ഒരേ ഒരു ആഗ്രഹം മാത്രമാണുള്ളത്, അത്, അവന്റെ അനുസരണയിൽ കഴിഞ്ഞുകൂടുക എന്നതാണ്. അല്ലാ ഹുവിനെ അനുസരിക്കുക-അവരുടെ ജീവിതത്തിലുടനീളം! അല്ലാഹു വിനെ അനുസരിക്കാത്ത നിലയിൽ മരണപ്പെടാതിരിക്കുന്നതിനായി അവർ കഠിനാധ്വാനം ചെയ്യുന്നു, കാരണം പരിശുദ്ധപ്രവാചകൻ മുഹ മ്മദ്(സ) പറഞ്ഞു. **ഓരോ അടിമയും, അവൻ മരണപെടുമ്പോൾ ഏത വസ്ഥയിലാണോ, അതേ അവസ്ഥയിലായിരിക്കും ഉയർത്തെഴുന്നേ ല്പിക്കപ്പെടുക (മുസ്ലിം)**

ഇവിടെ അല്ലാഹു(ത) യുടെ ദൂതൻ(സ) നാം മരണപെടുമ്പോഴുള്ള

നമ്മുടെ അവസ്ഥയെകുറിച്ചാണ് സംസാരിക്കുന്നത്. ഒന്നുകിൽ നാം ഒരു അവിശ്വാസിയായിരിക്കും അല്ലെങ്കിൽ നാം ഒരു വിശ്വാസി ആയിരിക്കും. അതുകൊണ്ട് ഓരോ വ്യക്തിയും, എല്ലാ നിലയിലും, അവന്റെ വിശ്വാസത്തെ മുറുകെപിടിക്കുവാൻ, യഥാർത്ഥമായ വിശ്വാസത്തെ മുറുകെ പിടിക്കുവാൻ (അതാത് ഇസ്ലാമിനെ മുറുകെ പിടിക്കുവാൻ) ഈ വഴികൾ നിശ്ചയമായും അന്വേഷിക്കേണ്ടതാണ്. ഭൂമിയിൽ അവന്റെ ജീവിതം ഉള്ളിടത്തോളം കാലം! അങ്ങനെ ആയാൽ അവൻ മരിക്കുന്ന സമയം, അവന്റെ കുടുംബം തങ്ങളെ സ്നേഹിച്ചിരുന്നവന്റെ വേർപാടിൽ കരയുകയാണെങ്കിൽ പോലും, മരിച്ച വ്യക്തി (ഇപ്പോൾ മരണപ്പെട്ട) തന്റെ സൃഷ്ടാവുമായി ചേർന്നതിൽ സന്തോഷഭരിതനായിരിക്കും. ഇതിനായി അവൻ നിർബന്ധമായും ചെയ്യേണ്ട കാര്യമാണ്.

## 1.അല്ലാഹുവിന്റെയും മുഹമ്മദ് (സ) ന്റെയും വാക്കിലുള്ള വിശ്വാസം

നമ്മെപോലുള്ള ആളുകളുടെ വാക്കുകൾ വിശ്വസിക്കുന്നത് വളരെ എളുപ്പമുള്ള കാര്യമാണ്. നാളെ ഇന്ധന വില വർദ്ധിക്കുന്നതാണ്. എന്ന് പറയപ്പെട്ടാൽ, നാമിന്നു തന്നെ, ഗ്യാസ്സ് സ്റ്റേഷനിലേക്ക് ഇന്ധനം നിറയ്ക്കാനായി ധൃതിപ്പെട്ടുപോകുന്നതാണ്.

വിശുദ്ധഖുർആൻ 4-ാം അധ്യായത്തിൽ അല്ലാഹു(ത) പറയുന്നു. അല്ലാഹു, അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. പുനരുത്ഥാന നാളിലേക്ക് തീർച്ചയായും അവൻ നിങ്ങളെ ഒരുമിച്ചു കൂട്ടികൊണ്ടു പോകും. അതിൽ യാതൊരു സംശയവുമില്ല. അല്ലാഹുവിനേക്കാൾ വാക്കിൽ സത്യസന്ധമായി മറ്റ് ആരുണ്ട് (4:88)

ഈ വചനത്തിൽ നിന്നും അല്ലാഹുവും അവന്റെ ദൂതനും പ്രവചനം ചെയ്തിട്ടുള്ളതെല്ലാം സംഭവിക്കുക തന്നെ ചെയ്യുന്നതാണ് എന്നത് വ്യക്തമാണ്.ആയതിനാൽ താഴെ വരുന്ന വാക്കുകളെ ഉറപ്പിച്ചു കൊള്ളുക. **നിശ്ചയമായും മനുഷ്യൻ തനിക്കെതിരിലുള്ള വ്യക്തമായ സാക്ഷിയാണ്, അവൻ തന്റെ ഒഴിവു കഴിവുകൾ എത്ര തന്നെ ബോധിപ്പിച്ചാലും ശരി (75:15,16)**

അന്ന് നാം അവരുടെ വായകൾക്ക് മുദ്രവയ്ക്കും. അവരുടെ കൈകൾ, നമ്മോട് സംസാരിക്കും. അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന് അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും 36:66

അപ്പോൾ വല്ലവനും ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അതവൻ കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അതും അവൻ കാണും (99:8,9)

ഖുർആനെ നിങ്ങൾ അവഗണിക്കരുത്. നിങ്ങൾ ഇതിനെ കൈയ്യൊഴിഞ്ഞാൽ, നിങ്ങൾ വിളയിക്കുന്നത് ദുഃഖംമാത്രമായിരിക്കും. കാരണം ഖുർആനിൽ നമ്മുടെ രോഗശമനം ഉൾകൊള്ളിച്ചിരിക്കുന്നു. ഖുർആനെപറ്റി അല്ലാഹു(ത) പറയുന്നു.

വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള ഖുർആനെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അക്രമികൾക്ക് അത് നഷ്ടം മാത്രമെ വർദ്ധിപ്പിക്കുന്നുള്ളു (17:83)

നാം ഖുർആനു പിന്തിരിഞ്ഞു നില്ക്കുകയാണെങ്കിൽ അല്ലാഹു(ത) നമ്മോട് പറയുന്നു. ഏതൊരാൾ എന്റെ ഉൽബോധനത്തിൽ നിന്ന് മുഖം തിരിച്ചു കളയുന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവീതമാണ് ഉണ്ടാവുക. നാം അവനെ പുനരുത്ഥാനനാളിൽ അന്ധനായി എഴുന്നേല്പിക്കുന്നതുമാണ് (20:125)

നമ്മുടെ ദുഃഖം അകറ്റാനായിട്ടാണ് ഈ ഖുർആൻ അവതരിപ്പിക്കുന്നത് എന്ന് നാമറിയണം. അല്ലാഹു(ത) അതേ സൂറത്തിൽ തന്നെ പറയുന്നു നാം നിനക്ക് ഈ ഖുർആൻ ഇറക്കിതന്നത് നീ കഷ്ടപ്പെടുവാൻ വേണ്ടിയല്ല (20:3)

## 2. നാം ഈ താത്ക്കാലിക ലോകം വിടുന്നതിനു മുൻപ് പ്രവാചകന്മാരുടെ കഥകൾ പഠിച്ചിരിക്കണം.

അല്ലാഹു(ത) പരിശുദ്ധ പ്രവാചകൻ (സ) നോട് പറയുന്നു. **ദൈവദൂതന്മാരുടെ വൃത്താന്തങ്ങളിൽ നിന്ന് നിന്റെ ഹൃദയത്തിന് സ്ഥൈര്യം നല്കുന്നതെല്ലാം നാം നിനക്ക് വിവരിച്ചു തരുന്നു. വിശ്വാസികൾക്ക് ഒരു ഉപദേശവും അനുസ്മരണവും ഇതിലുണ്ട്. (11, 121)**

ഈ കഥകളെല്ലാം സത്യത്തിൽ നാം ചിന്തിക്കാൻ വേണ്ടിയുള്ള പാഠങ്ങളാണ്. ഉദാഹരണത്തിന് മൂസാ (അ) ന്റെ മുമ്പിൽ തുറക്കപ്പെട്ട സമുദ്രം, അല്ലെങ്കിൽ യൂനുസ്(അ) മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട പ്പോൾ നടത്തിയ പ്രാർത്ഥനയ്ക്ക് അല്ലാഹു(ത) നല്കിയ മറുപടി ഇബ്റാഹീം (അ) ന്റെ വാക്കുകളെ നാം എങ്ങനെയാണ് മറക്കുക, അദ്ദേഹത്തെ അഗ്നികുണ്ഠത്തിലേക്ക് വലിച്ചെറിയുവാൻ തുടങ്ങിയ പ്പോൾ, എനിക്ക് അല്ലാഹു മതിയായവനാണ്. അങ്ങനെ എത്ര എത്ര സംഭവങ്ങൾ! ഇവയൊക്കെയാണ് നാം ജീവിത മാതൃകയായി സ്വീക രിക്കേണ്ടത്.

## 3. പ്രാർത്ഥനകൾ :

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഫലപ്രദവും മഹ ത്വപൂർണ്ണവുമായ ഒരായുധം പ്രാർത്ഥനയാകുന്നു. എന്നാൽ പ്രസ്തുത പ്രാർത്ഥനയെ അവർ അവഗണിക്കുന്നു.

എന്നാൽ അല്ലാഹു(ത) നേരിട്ടും അവന്റെ പ്രവാചകന്മാരിലൂടെ യും, അവനോട് അർത്ഥിക്കുവാനുള്ള നല്ല പ്രാർത്ഥന പഠിപ്പിച്ചിരിക്കു ന്നു. വിശുദ്ധഖുർആനിൽ അല്ലാഹു(ത) നമ്മെ പഠിപ്പിക്കുന്നു. **ഞങ്ങ ളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങ ളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതെ! നീ ഞങ്ങൾക്ക് നിന്റെയ ടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമെ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്! (3:9)**

നമ്മുടെ ഈ ദൂതൻ തന്റെ നാഥനിൽ നിന്ന് അദ്ദേഹത്തിന് അവ തരിപ്പിക്കപ്പെട്ടതിൽ വിശ്വസിക്കുന്നു. സത്യവിശ്വാസികളും വിശ്വസി ക്കുന്നു. അവർ എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും, അവന്റെ വേദങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിക്കുന്നു. അല്ലാ ഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പി ക്കുന്നില്ല (എന്നവർ പറയുന്നു) ഞങ്ങൾ അല്ലാഹുവിന്റെ കല്പന കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്നും അവർ പറയുന്നു. ഞങ്ങളുടെ നാഥാ! നിന്നിൽ നിന്നുള്ള പാപപ്പൊറുതിക്കായി

ഞങ്ങൾ അർത്ഥിക്കുന്നു. നിങ്കലേക്ക് തന്നെയാണ് (ഞങ്ങളുടെ) മടക്കം (എന്നവർ പ്രാർത്ഥിക്കുകയും ചെയ്യുന്നു) 2:286

നമ്മുടെ പരിശുദ്ധ പ്രവാചകൻ (സ) നമ്മെ പഠിപ്പിച്ച ഒരു പ്രാർത്ഥന ഇതാ **അല്ലയോ ഹൃദയങ്ങളെ തിരിക്കുന്നവനേ! നിന്റെ ദീനിൽ എന്റെ ഹൃദയത്തെ ശക്തിപ്പെടുത്തി നിർത്തേണമെ!**

## 4. അല്ലാഹുവിനെ അനുസരിക്കുന്നതിന്, ക്ഷമ അനിവാര്യമാണ് എന്ന സത്യം നാം അറിയണം

നമ്മുടെ ജീവിതത്തിലെ ഉറപ്പായതും എന്നാൽ ഏററവും വലിയ പരീക്ഷണവുമായ ഒരവസ്ഥയെപറ്റി അല്ലാഹു(ത) നമ്മോട് സംസാരിക്കുന്നത് സംബന്ധമായി, നാം ഗഹനമായി ചിന്തിക്കേണ്ടതാണ്. **അത് സക്കാറത്ത് ആകുന്നു.** (പരലോക ജീവിതത്തിനായി നമ്മുടെ ഭൗതിക ശരീരത്തിൽ നിന്നും നമ്മുടെ ആത്മാവ് എന്നന്നേക്കുമായി വിടപറയുന്ന സമയം) നമ്മുടെ പ്രിയപ്പെട്ടവർ നിസ്സഹായകരായി തീരുന്ന ദിനം (അവരുടെ സ്നേഹഭാജനത്തിന്റെ മരണത്തിനെതിരിൽ ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ) എന്നാൽ അല്ലാഹു(ത) വിശുദ്ധഖുർആനിലൂടെ നമ്മോട് പറയുന്നതെന്ത്ന്നു നമുക്ക് നോക്കാം.

ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയത്വരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. (ആ മലക്കുകൾ പറയും നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ടാ നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാകുക. ഐഹികജീവിതത്തിലും, പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും. വളരെയധികം പൊറുക്കുന്നവനും, കരുണാമയനുമായ അല്ലാഹുവിൽ നിന്നുള്ള സ്വാഗത സമ്മാനം! (41:31,32,33)

നമ്മുടെ വിശ്വാസത്തിൽ, യഥാർത്ഥ വിശ്വാസത്തിൽ, ഇസ്ലാമിൽ സ്ഥിരചിത്തരായി, ഉറച്ച് നില്ക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച്, നിങ്ങളോരോരുത്തരും ചിന്തിക്കുക. അല്ലാഹു(ത) നമ്മുടെ സംരക്ഷ

കനാണെന്നും, എല്ലാം അവനിൽ ഭരമേല്പിക്കേണ്ടതാണെന്നും, എല്ലാ കഴിവും, നിലനില്പും നമ്മുടെ സ്രഷ്ടാവായ അവനിലാണെന്നും നാമറിയുക.

## 5. ഈ താത്ക്കാലിക ലോകത്തിന്റെ വില അറിയുക.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു. ഇഹലോകജീവിതത്തെ, പരലോകജീവിതവുമായി നാമൊന്നു താരതമ്യം ചെയ്തു നോക്കിയാൽ, നമുക്കൊരു ഉദാരണത്തിലൂടെ അത് മനസ്സിലാക്കാൻ കഴിയും. സമുദ്രത്തിൽ തന്റെ വിരൽ അല്പനിമിഷം താഴ്ത്തി എടുക്കുന്നതുപോലെ മാത്രമായിരിക്കും. (ഇഹലോകജീവിതം) പ്രസ്തുത വിരലിലൂടെ അവൻ എന്താണ് പുറത്തുകൊണ്ടു വരുന്നതെന്ന് അവർ ചിന്തിക്കട്ടെ! (മുസ്ലിം) പാരത്രികലോകത്ത് അല്ലാഹു(ത) നമുക്കായി ഒരുക്കിവെച്ചിരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഈ ലോകത്ത് ഒന്നും തന്നെയില്ല എന്ന യാഥാർത്ഥ്യത്തെകുറിച്ച് നാം ചിന്തിക്കുവാൻ നിർബന്ധിതരായി തീരുന്നു.

അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. വിശ്വസിച്ചവരെ!നിങ്ങൾക്കെന്തുപറ്റി? അല്ലാഹുവിന്റെ മാർഗത്തിൽ (പോരാടുന്നതിന്) സന്നദ്ധരായി പുറപ്പെടുക എന്ന് നിങ്ങളോട് പറയപ്പെടുമ്പോൾ നിങ്ങൾ ഭൂമിയിലേക്ക് അമർന്നു കളയുന്നു. പാരത്രീക ജീവിതത്തിന് പകരം നിങ്ങൾ ഐഹിക ജീവിതം ഇഷ്ടപ്പെടുകയാണോ? എന്നാൽ, ഐഹിക ജീവിതനേട്ടം പരലോക ജീവിതത്തെ അപേക്ഷിച്ച് എത്രയും നിസ്സാരമാണ് 9:38

## 6. മരണത്തെയും ശവകല്ലറയെയും സ്മരിക്കുക:

നിങ്ങളൊന്ന് സങ്കലിപിച്ചു നോക്കു! നിങ്ങളുടെ ശരീരം, ഒരുവെള്ളത്തുണിയിൽ പൊതിഞ്ഞ്, നിങ്ങളുടെ വീട്ടിൽ കിടത്തിയിരിക്കുന്നു, ജനാസഅടക്കം ചെയ്യുന്നതിനായി കാത്തിരിക്കുകയാണ്. പ്രസ്തുത വഴിയിൽ നിങ്ങളെ സ്നേഹിച്ചവർ ഇതാ പിന്തുടരുന്നു, നിങ്ങളുടെ ധനവും, നിങ്ങളുടെ പ്രവർത്തനങ്ങളും കൂടെയുണ്ട്. എന്നാൽ ശവകല്ലറയിൽ നിങ്ങളെ വെച്ചുകഴിഞ്ഞാൽ, രണ്ട് കാര്യങ്ങൾ തിരിഞ്ഞു നട

ക്കുന്നു. നിങ്ങളുടെ ഇഷ്ടഭാജനങ്ങളും നിങ്ങളുടെ ധനവും! ആ നിമിഷം നിങ്ങൾ അറിയും നിങ്ങളോടൊപ്പം നിങ്ങളുടെ പ്രവർത്തനങ്ങൾ മാത്രമെ ഉള്ളു എന്ന്! ഇനി നിങ്ങളാണ് തീരുമാനിക്കേണ്ടത്, നിങ്ങൾക്ക് സമയം ഉള്ളിടത്തോളം കാലം, നിങ്ങളുടെ കുഴിമാടത്തിലേക്ക്, നിങ്ങളുടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നിങ്ങളെ പിന്തുടരേണ്ടതെന്ന്!?

ഹസ്സൻ അൽബസ്രി(റ) പറഞ്ഞു. അല്ലയോ! ആദമിന്റെ മകനെ! കുറെ ദിവസങ്ങളുടെ സമാഹാരമല്ലാതെ, നീ മറ്റൊന്നുമല്ല, ജീവിതത്തിൽ ഒരു ദിവസം നീ പിന്നിടുമ്പോൾ, നിന്നിൽ നിന്നും ഒരു ഭാഗം പോയ് കഴിഞ്ഞു.

## 7. നമ്മുടെ ഒരു പ്രവർത്തനവും അല്ലാഹുവിന് ഗുണമോ ദോഷമോ ഉണ്ടാക്കുന്നില്ല.

അല്ലാഹുവിനെ അനുസരിക്കുന്നതിലുള്ള പ്രവർത്തനങ്ങളിൽ നാം ഏർപ്പെടുമ്പോൾ, നമുക്ക് തന്നെയാണ് നാം പ്രയോജനം ചെയ്യുന്നത്. ഒരു ഖുദ്സിയായ ഹദീസിൽ അല്ലാഹു(ത) പറഞ്ഞു. അല്ലയോ! എന്റെ ദാസന്മാരെ! നിങ്ങളെന്നെ പ്രയാസപ്പെടുത്താമെന്നു വിചാരിച്ചാലും നിങ്ങൾക്ക് എനിക്ക് യാതൊരു പ്രയാസവും ഏല്പിക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ എനിക്ക് ഒരു പ്രയോജനം ചെയ്യാമെന്ന് വിചാരിച്ചാലും, നിങ്ങൾക്ക് എനിക്ക് ഒരു പ്രയോജനവും ചെയ്യാൻ സാധിക്കുകയില്ല. അല്ലയോ! എന്റെ ദാസന്മാരെ! മനുഷ്യവർഗത്തിൽ നിന്നും ജിന്നു വർഗ്ഗത്തിൽ നിന്നുമുള്ള ആദ്യം മുതൽ അവസാനവരെയുള്ള ആളായിരുന്നാലും, മനുഷ്യവർഗത്തിൽ നിന്നും ജിന്നു വർഗത്തിൽനിന്നുമുള്ള ഏറ്റവും വലിയ സ്വാത്വിക ഹൃദയമുടമയായാലും, എന്റെ സാമ്രാജ്യത്തിൽ തരിമ്പും വർദ്ധനവുണ്ടാക്കുകയില്ല. അല്ലെയോ! എന്റെ ദാസന്മാരെ! ജിന്നുവർഗത്തിൽ നിന്നും മനുഷ്യവർഗത്തിൽ നിന്നുമുള്ള ആദ്യ അവസാനം വരെയുള്ളവരിൽ ഒരുവൻ എത്രതന്നെ വലിയ തെമ്മാടി ആയാലും, തെമ്മാടി ഹൃദയഉടമയായാലും എന്റെ ആധിപത്യത്തിന് ഒരു കുറവും വരുത്തുവാൻ അവന്

സാധ്യമല്ല. അല്ലയോ! എന്റെ ദാസന്മാരെ! നിങ്ങളിൽ ആദ്യം മുതൽ അവസാനം വരെയുള്ള മനുഷ്യവർഗത്തിൽ നിന്നോ ജിന്നുവർഗ ത്തിൽ നിന്നോ ഉള്ളവരെല്ലാം ഒരിടത്തുകൂടി എന്നോട് ഒരു യാചന നടത്തിയാൽ, ഞാൻ എല്ലാവർക്കും, അവർ ആവശ്യപ്പെട്ടതു നല്കും, അങ്ങനെ നല്കിയാൽ എന്നിൽ ഉള്ളതിൽ നിന്ന് ഒരു കുറവും വരു ന്നതല്ല. ഏതു പോലെ എന്നാൽ, ഒരു സൂചി സമുദ്രത്തിൽ ഇട്ടാൽ സമുദ്രത്തിന് കുറവുവരുന്നതുപോലെയല്ലാതെ! (മുസ്ലിം, തിർമിദി, ഇബ്നുമാജ)

അതുകൊണ്ട് സ്വയം ചോദിക്കുക. ഞാൻ അല്ലാഹുവിന്റെ കല്പ നയ്ക്ക് വിധേയമായാൽ, അതിൽ നിന്ന് ആർക്കാണ് പ്രയോജനം? അതുപോലെ അല്ലാഹുവിന്റെ കലപ്നകൾ അനുസരിക്കാതിരുന്നാൽ, അപ്പോൾ ആരെയാണ് പഴിക്കേണ്ടത്? അവർ സ്വയം കുഴപ്പത്തിൽ ചാടിയതിന്! ഏതാണ് തെരഞ്ഞെടുക്കേണ്ടത് എന്നത് നിങ്ങളുടെ കാര്യമാണ്!

മരണത്തെക്കുറിച്ച് ഓർക്കുവാൻ നമ്മെ എല്ലാവരേയും ദൈവം സഹായിക്കട്ടെ! ദൈവകല്പനയ്ക്ക് അനുസൃതമായി നമ്മടെ ജീവിതം ജീവിക്കുവാൻ നമുക്ക് കഴിയണമെന്ന നിലയിൽ നമുക്ക് പ്രവർത്തി ക്കാം. അങ്ങനെ ആയാൽ നമ്മുടെ വർത്തമാനകാലവും ഭാവികാ ലവും ശോഭനമായി തീരുന്നതാണ്. തെറ്റുകളിൽ നിന്ന് മോചനം! ദൈവകോപത്തിൽ നിന്ന് രക്ഷ! നമ്മുടെ നിലനില്പ് ഇതിനെ ആശ്രി യിച്ചാണ്! ഇൻശാ അല്ലാഹ്! ആമീൻ.


**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**